DESPATCHED
On.24/8/21.....

9/8/21

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം–695 001**
**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1038(1)/2020/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.7360/SIC-Gen4/2020**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 ആഗസ്റ്റ് 9

| | |
|---|---|
| ശ്രീമതി. പി.എ. സരോജിനി,<br>W/o (late) സി.കെ. ബാബു,<br>ചേറ്റുപുഴ വീട്, അനുഗ്രഹ നഗർ,<br>ചക്കാന്തറ, എടത്തറ പി.ഒ.,<br>പാലക്കാട് – 678 611. | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>വില്ലേജ് ഓഫീസർ,<br>പറളി–2, വില്ലേജ് ഓഫീസ്,<br>പാലക്കാട്.<br>2. അപ്പീൽ അധികാരി &<br>തഹസിൽദാർ (ഭൂരേഖ),<br>താലൂക്ക് ഓഫീസ്,<br>പാലക്കാട്.<br>3. ജില്ലാ കളക്ടർ,<br>കളക്ടറേറ്റ്, പാലക്കാട്. | എതിർകക്ഷികൾ |

## ഉത്തരവ്

മേൽ അപ്പീൽ ഹർജിയിന്മേൽ 7.10.2020 ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീമതി. റസിയ പി.എ. ലഭ്യമാക്കിയ വിശദീകരണവും നേരിൽ കേട്ട വേളയിൽ ടിയാൾ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചു.

2) ശ്രീമതി. പി.എ. സരോജിനിയുടെ അപേക്ഷ 29.2.2020–ന് സ്പെഷ്യൽ വില്ലേജ് ഓഫീസറാണ് കൈപ്പറ്റിയതെന്നും, പ്രസ്തുത ദിവസം റമിറ്റൻസുമായി ബന്ധപ്പെട്ട് ടിയാൾ പാലക്കാട് താലൂക്ക് ഓഫീസിലായിരുന്നുവെന്നും ടി അപേക്ഷ താത്ക്കാലികമായി നിയമിച്ച എസ്.വി.ഒ കൈപ്പറ്റി രജിസ്റ്ററിൽ രേഖപ്പെടുത്തിവച്ചിരുന്നുവെന്നും എന്നാൽ ടി

എസ്.വി.ഒ കൈപ്പറ്റി മാർച്ച് 7–ന് സ്ഥലം മാറി പോയെന്നും, ആയതിനാലാണ് 29.2.2020ന് ലഭിച്ച അപേക്ഷ തന്റെ ശ്രദ്ധയിൽപെടാതെ പോയതെന്നും, 23.3.2020–ന് ലോക്ക് ഡൗൺ പ്രഖ്യാപിക്കുകയും ലോക്ക് ഡൗണിന് ശേഷം ജീവനക്കാരുടെ എണ്ണം 50% ആയി ക്രമീകരിച്ചതിനാലും, കോവിഡ് ഡ്യൂട്ടി, കോവിഡ് ദുരന്തനിവാരണം എന്നിവയുമായി ബന്ധപ്പെട്ട് അധിക ചുമതലകൾ ഉണ്ടായിരുന്നുവെന്നും ആയതിനാലാണ് തനിക്ക് തപാലുകളും അപേക്ഷകളും കൃത്യമായി പരിശോധിച്ച് യഥാസമയം നടപടികൾ സ്വീകരിക്കുവാൻ കഴിയാതെ വന്നുവെന്നും അത്തരത്തിൽ മന:പൂർവ്വമല്ലാത്ത വീഴ്ചയാണ് ഉണ്ടായതെന്നും മറ്റുമാണ്.

3). മറ്റ് ഔദ്യോഗിക കാര്യങ്ങളോടൊപ്പമാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ ആ നിലയിലുള്ള അവരുടെ ചുമതലകളും നിർവ്വഹിക്കേണ്ടുന്നത് എന്നതിനാൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ആയിരുന്ന ശ്രീമതി. റസിയ പി.എ. ബോധിപ്പിച്ച മേൽ വിശദീകരണം വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ 29.2.2020 ന് ഹർജിക്കാരി നൽകിയ വിവരാവകാശ അപേക്ഷയിന്മേൽ സമയബന്ധിതമായി യാതൊരു മറുപടിയും വിവരവും നൽകിയില്ല എന്ന വീഴ്ചയ്ക്ക് ടിയാളെ ശിക്ഷിക്കുവാനും ശിക്ഷയായി 2000/–രൂപ (രണ്ടായിരം രൂപ മാത്രം) പിഴയായി ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു.

4). ഈ ഉത്തരവ് കിട്ടി 30 ദിവസങ്ങൾക്കകം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീമതി. റസിയ പി. എ. 2000/–രൂപ (രണ്ടായിരം രൂപ മാത്രം) " 0070-60-118-99 Receipts under Right to Information Act, 2005 " എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൻ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ഈ തുക ടിയാന്റെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാന്റെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തിചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഈ ഉത്തരവ് ഇന്നേ ദിവസം 2021 ആഗസ്റ്റ് 9–ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്:

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

bnk/